# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

17.12.2014 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4338

## വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ആശുപത്രികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്. ശർമ്മ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) വൈപ്പിൻ മണ്ഡലത്തിൽ കിടത്തി ചികിത്സയുള്ള എത്ര സർക്കാർ ആശുപത്രികളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 4 സർക്കാർ ആശുപത്രികളുണ്ട്. |
| (ബി) ഇത്തരത്തിലുള്ള എത്ര ആശുപത്രികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) അയ്യമ്പിള്ളി പ്രാഥമികാരോഗ്യകേന്ദ്രം, മുനമ്പം പ്രാഥമികാരോഗ്യകേന്ദ്രം, മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രം, ഞാറയ്ക്കൽ താലൂക്കാശുപത്രി എന്നീ നാല് സ്ഥാപനങ്ങളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) 24 മണിക്കൂറും പ്രവർത്തിച്ചിരുന്ന ഞാറക്കൽ സർക്കാർ ആശുപത്രി ഡോക്ടർമാരുടെ അഭാവം മൂലം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡോക്ടർമാരുടെ ഒഴിവു നികത്തുവാൻ നടപടി സ്വീകരിക്കുമോ; | (സി) 24x7 സേവനം പരിമിതപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനത്തിൽ ഒരു സിവിൽ സർജന്റെയും 5 അസിസ്റ്റന്റ് സർജന്റെയും തസ്തികയാണ് നിലവിലുള്ളത്. ആയതിൽ സിവിൽ സർജന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. അവധിയിൽ പ്രവേശിച്ച മൂന്ന് അസിസ്റ്റന്റ് സർജൻമാരിൽ രണ്ടുപേർ ജോലിയിൽ തിരികെ പ്രവേശിച്ചതിനെത്തുടർന്ന് 24x7 പ്രവർത്തനം 03/12/2014 മുതൽ പുനരാരംഭിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രൊമോഷനിലൂടെ സിവിൽ സർജൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ? | (ഡി) ഒഴിഞ്ഞുകിടക്കുന്ന സിവിൽ സർജന്റെ തസ്തികയിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു അസിസ്റ്റന്റ് സർജനെ നിയമിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നും ഒരു അസിസ്റ്റന്റ് സർജനെ ക്രമീകരണാടിസ്ഥാനത്തിൽ ടി സ്ഥാപനത്തിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. സിവിൽ സർജൻ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തിയാക്കുന്നമുറയ്ക്ക് പ്രസ്തുത ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ